"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)-"Kaloor Market Building Rennovation" എന്ന പ്രവർത്തി, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൽ (സി.എസ്.എം.എൽ) നിന്നും ലഭ്യമാക്കുന്ന 5.87 കോടി രൂപ (അഞ്ചു കോടി എൺപത്തിയേഴ് ലക്ഷം രൂപ മാത്രം) ഉപയോഗിച്ച് നിർവ്വഹിയ്ക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.735/2023/LSGD തീയതി,തിരുവനന്തപുരം, 28-03-2023

---

പരാമർശം:-

1. 11.08.2015- തീയതിയിലെ സ.ഉ(സാധാ)നം. 2473/2015/ തസ്വഭവ സർക്കാർ ഉത്തരവ്
2. ജിസിഡിഎ സെക്രട്ടറിയുടെ 26.09.2022, 04.11.2022 തീയതികളിലെ നം.6347/ഇ5/2022/ജിസിഡിഎ നമ്പർ കത്തുകൾ
3. സി എസ് എം എൽ ജനറൽ മാനേജർ ജി സി ഡി എ ക്കയച്ചിട്ടുള്ള 7-11-2022 തീയതിയിലെ CSML/Board/Mtg/2018/34 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൂചന (1) ഉത്തരവ് പ്രകാരം "Kaloor Market Building Rennovation" എന്ന പ്രവൃത്തിക്ക് സർക്കാർ 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ് എന്നും, പ്രസ്തുത പ്രവൃത്തി നടന്നു വരവേ ചരക്ക് സേവന നികുതിയിൽ ഉണ്ടായ വ്യതിയാനം, ഇലക്ട്രിക്കൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ കാരണം പ്രവൃത്തി തടസ്സപ്പെട്ടതായും, 23.03.2020 മുതൽ കോവിഡ് മഹാമാരി കാരണം പ്രവൃത്തിക്ക് അനിശ്ചിതത്വം നേരിട്ടതിനാലും, കരാറുകാരൻ 2018-ലെ നിരക്ക് ആവശ്യപ്പെട്ടതിനാലും പ്രവ്യൃത്തിക്ക് തടസ്സം നേരിട്ടതായും വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സൂചന (2) പ്രകാരം അറിയിച്ചിരുന്നു.

2. കലൂർ മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് 5.87 കോടി രൂപയ്ക്ക് ഫിനാൻഷ്യൽ സാങ്ഷൻ, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമായിട്ടുള്ളതാണ് എന്നും, സിവിൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിങ് എന്നീ പ്രവൃത്തികൾ ആണ് ഫിനാൻഷ്യൽ സാങ്ഷനിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നും, പ്രസ്തുത പ്രവർത്തിയ്ക്ക് KDA rule 35 (1) (IV) പ്രകാരമുള്ള ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കണമെന്നും വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ "Kaloor

Market Building Rennovation" എന്ന പ്രവർത്തി, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൽ നിന്നും ലഭ്യമാകുന്ന 5.87 കോടി രൂപ (അഞ്ചു കോടി എൺപത്തിയേഴ് ലക്ഷം രൂപ മാത്രം) ഉപയോഗിച്ച് നിർവ്വഹിയ്ക്കുന്നതിന് KDAആക്ടിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് KDA rule 35(1) (iv) പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 29-03-2023 09:56:43

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ചെയർമാൻ, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ.), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി(File no.IA3/98/2022-LSGD)